# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യ നമ്പർ -748 | | 14.01.2021 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| ചാലക്കുടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. ബി. ഡി. ദേവസ്സി | | എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | **അംബേദ്ക്കർ ഗ്രാമവികസന പദ്ധതി (2016-17)**<br>1) പുലിപ്പാറക്കുന്ന് പട്ടികജാതി കോളനി<br>2) കുറ്റിച്ചിറ കോളനി (അംബേദ്ക്കർ വെസ്റ്റ്)<br>3) കലിക്കൽ കുന്ന് കോളനി<br>4) കാഞ്ഞിരപ്പിള്ളി കോളനി<br><br>**അംബേദ്ക്കർ ഗ്രാമവികസന പദ്ധതി (2019-20)**<br>കുറ്റിച്ചിറ ഈസ്റ്റ് കോളനി<br><br>**അംബേദ്ക്കർ ഗ്രാമവികസന പദ്ധതി (2020-21)**<br>1. തുപ്പാപ്പിള്ളി പട്ടികജാതി കോളനി<br>2. വൈലാത്ര പട്ടികജാതി കോളനി |
| (ബി) | നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത് എന്നും വ്യക്തമാക്കാമോ? | (ബി) | കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിവരം **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## ചോദ്യം നം. 748 - ൽ ബി -യുടെ അനുബന്ധം

ബി)

| ക്രമ നം. | കോളനി | ഏറ്റെടുത്ത പ്രവൃത്തികൾ | ഘട്ടം |
|---|---|---|---|
| 1 | പുലിപ്പാറക്കുന്ന് കോളനി | 1. പൊതുകിണറുകളുടെ നവീകരണം<br>2. കമ്മ്യൂണിറ്റി ഹാളിനു വേണ്ടിയുള്ള കുഴൽ കിണർ നിർമ്മാണം & 5000 ലിറ്റർ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം<br>3. വീടുകളുടെ അറ്റകുറ്റപ്പണി<br>4. പി.വി.സി വാട്ടർ ടാങ്കും വാട്ടർ കണക്ഷനും നൽകൽ<br>5. വനിതാവ്യവസായ വിപണന കേന്ദ്രത്തിന്റെ നിർമ്മാണം<br>6. കോൺക്രീറ്റ് റോഡ് | പൂർത്തീകരിച്ചു |
| 2 | കുറ്റിച്ചിറ (അംബേദ്കർ വെസ്റ്റ്) | 1. റീ ടാറിംങ്<br>2. വീടുകളുടെ അറ്റകുറ്റപ്പണികൾ<br>3. കാന നിർമ്മാണം<br>4. കോൺക്രീറ്റ് റോഡ്<br>5. പി.വി.സി ടാങ്കുകളുടെ വിതരണം<br>6. പൊതു കിണറിന്റെ അറ്റകുറ്റപ്പണികൾ<br>7. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ<br>8. ബോർവെല്ലിലേയ്ക്കുള്ള മോട്ടോറും പ്ലംബിംഗ് വർക്കുകളും | 90% പൂർത്തീകരിച്ചു. വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാനുണ്ട്. |
| 3 | കാഞ്ഞിരപ്പിള്ളി | 1. കമ്മ്യൂണിറ്റി ഹാൾ നവീകരണം<br>2. കോൺക്രീറ്റ് റോഡ് നിർമ്മാണം<br>3. വീടുകളുടെ അറ്റകുറ്റപ്പണി<br>4. റോഡു നിർമ്മാണവും ടിവി ഹാളിന്റെ റീടെയിനിംഗ് വാൾ അംഗൻവാടി കെട്ടിടം നവീകരണം | 20% പൂർത്തീകരിച്ചു |
| 4 | കലിക്കൽ കുന്ന് | 1. കമ്മ്യൂണിറ്റി ഹാൾ നവീകരണം<br>2. കോൺക്രീറ്റ് റോഡ് നിർമ്മാണം<br>3. പൊതുകിണർ നവീകരണം<br>4. 73 വീടുകളുടെ അറ്റകുറ്റപ്പണി | 25% പൂർത്തീകരിച്ചു |
| 5 | കുറ്റിച്ചിറ ഈസ്റ്റ് | 1. ഭവന പുനരുദ്ധാരണ പ്രവൃത്തികൾ | നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 6 | തൃപ്പാപ്പിള്ളി | | മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിച്ചിട്ടില്ല. |
| 7 | വൈലാത്ര | | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ